# പ്രവാചകൻ മുഹമ്മദ്

*തയാറാക്കിയത്: ജലീൽ* - E-mail: aj@vazhi.org

അടുത്ത കാലത്തെ സംഭവമല്ല. നൂറ്റാണ്ടുകൾ മുമ്പാണ്. മക്കയുടെ വരണ്ട മരുപ്പറമ്പിൽ മഴ അത്ഭുതം സൃഷ്ടിച്ചു. അന്ന് മക്കയുടെ നാലു ഭാഗത്തുമുള്ള കുന്നുകളിൽ നിന്നും മലവെള്ളം കൂലംകുത്തി താഴോട്ടൊഴുകി. സമതലങ്ങളിലും താഴവരകളിലും മഴവെള്ളം സമുദ്രം തീർത്തു. മക്ക വെള്ളത്തിനടിയിലായി. കഅ്ബാലയം അതിൽ മുങ്ങി. മരുഭൂ വെള്ളപ്പൊക്കം അതിന് കേടുപാടുകൾ വരുത്തി.

ജനങ്ങളുടെ ആശ്വാസത്തിനു മീതെ വെള്ളം താഴ്ന്നു.

കഅ്ബാലയം നന്നാക്കണം. അവർ തീർച്ചപ്പെടുത്തി. എല്ലാ ഗോത്രങ്ങളും ചേർന്ന് മരുമണലിനടിയിലെ കളിമണ്ണുകൊണ്ട് ഇഷ്ടികയുണ്ടാക്കി. പണിതെടുത്തു. ശ്രമദാനമായിരുന്നു അവർക്ക്. അവർ തങ്ങളുടെ ആരാധ്യന്മാർ നിരന്നു നില്ക്കുന്ന കഅ്ബയെ പുതുക്കിയെടുത്തു.

അതിൻെറ ഒരു മൂലയിൽ കറുത്ത ശിലയുണ്ട്. അത് വെക്കേണ്ട സമയം വന്നു.

അത് ആർ അവിടെ സ്ഥാപിക്കും?

ചർച്ച എവിടെയും എത്തിയില്ല. ഗോത്ര മാഹാത്മ്യമായിരുന്നു അവിടെയും പ്രശ്നം. ശില സ്ഥാപിക്കുന്നതാകട്ടെ പ്രധാനപ്പെട്ട ഒരു സംഗതിയുമാണ്. അത് തങ്ങൾ വെക്കുമെന്ന് ഓരോ ഗോത്രവും വാശിപിടിച്ചു. തർക്കം നീണ്ടു. ഒടുവിൽ പണി തീർന്ന കഅ്ബയുടെ ചുമരിൽ ചാരി ഒരാൾ പറഞ്ഞു: “ഇന്ന് എല്ലാവരും മടങ്ങിപ്പോവുക. നാളെ രാവിലെ ഇവിടെ ആദ്യം വരുന്നതാരോ അയാളായിരിക്കും അത് അവിടെ സ്ഥാപിക്കുന്നത്.”

മരുഭൂ കാറ്റിൻെറ ആവിയേറ്റ് അവർ തളർന്നിരുന്നു. അവർക്ക് വീടണയാൻ തിടുക്കമായി. നാളെ മറ്റുള്ളവർ എത്തുന്നതിനു മുമ്പായി തനിക്ക് എത്തണമെന്ന നിശ്ചയത്തിൽ അന്നവർ പിരിഞ്ഞു.

പ്രഭാതത്തിൻെറ നരച്ച വെളിച്ചം തലനീട്ടിയതേയുള്ളൂ. അവർ ഉറക്കിനെ തട്ടിക്കുടഞ്ഞെഴുന്നേറ്റു. കറുത്ത ശില കഅ്ബയിൽ സ്ഥാപിക്കുന്നത് ഞാനായിരിക്കണം. നടത്തത്തിനിടയിൽ അവർ സ്വപ്നം കണ്ടു. അതിൻെറ ഖ്യാതി മരുഭൂകാറ്റിനോടൊപ്പം പരന്നൊഴുകണം. അവരുടെ നടത്തത്തിന് തിടുക്കമായിരുന്നു. മരുമണലിൽ മർമരശബ്ദമുതിർത്ത് അവർ വലിച്ചുനീട്ടി.

പക്ഷേ, കഅ്ബയെ സമീപിച്ച അവരുടെ കണ്ണുകളിൽ വിസ്മയം പൂത്തു. ആരെക്കാളും മുമ്പ് ഈ ബാലൻ ഇവിടെ എങ്ങനെ വന്നു? അവൻെറ നിഷ്കളങ്ക ചിരി അവരെ ഹഠാദാകർഷിച്ചു.

അവരിൽ പൂത്തുനിന്ന വിസ്മയം സന്തോഷത്തിൻെറ കുളിർമയായി അവരിൽ പെയ്തിറങ്ങി. അവനെ അരികിൽ ചേർത്ത് തലോടി. മക്കയുടെ കണ്ണിലുണ്ണിയായ ആ ബാലനെ അവർക്ക് ജീവനായിരുന്നു. മരുഭൂമിയിലെ മറ്റെന്തിനെക്കാളും അവർക്ക് അവൻ നിധിയായിരുന്നു.

ബാലൻ താഴെ ഒരു തുണി വിരിച്ചു. കറുത്ത ശില അതിൻെറ നടുവിലേക്കെടുത്തു വെക്കാൻ അവൻ അവരോട് ആവശ്യപ്പെട്ടു. അവനോടുള്ള അനുസരണത്തിലും അവർ അഭിമാനം കൊള്ളുന്നതുപോലെ. ശില വെച്ച ശീലയുടെ ഓരോ മൂലയും പിടിക്കാൻ അവൻ എല്ലാ ഗോത്രമുഖ്യരോടും ആവശ്യപ്പെട്ടു. അപ്പോൾ മാത്രമാണ് അവരുടെ തലയിൽ തന്ത്രമുദിച്ചത്. ഗോത്രമുഖ്യന്മാർ ശിലയിൽ പിടിത്തമിട്ടു. അവരത് കഅ്ബയുടെ നിശ്ചിത മൂല വരെ ഏറ്റിനടന്നു. ഉടനെ ആ ബാലൻ തൻെറ കൈ കൊണ്ട് ആ ശില ആ മൂലയിൽ സ്ഥാപിച്ചു.

സുകൃതം ചെയ്ത സംതൃപ്തി ആളുകളുടെ മുഖത്ത് കത്തിനിന്നു.

മക്കക്കാരുടെ സ്നേഹഭാജനമായി ആ ബാലൻ വളർന്നു. ഉത്തമസ്വഭാവത്തിൻെറ നിറകുടമായിരുന്നല്ലോ അവൻ. അവർക്ക് അവൻ മരുഭൂമിയിൽ വിടർന്ന “നല്ല കുട്ടി” യായിരുന്നു.

അവൻെറ വളർച്ചയുടെ ഓരോ ഘട്ടത്തിലും അവനിലവ മാതൃക കണ്ടു. ആ ബാലനിൽ അവർ ദർശിച്ചു-“അവൻ വളർന്നാൽ തങ്ങളുടെ കാര്യത്തിന് മതിയായവനാകും.” ഒരു പക്വമതിയെ അവർ കണ്ടെത്തിയിരുന്നു. പിന്നെ അവർ ആദരപൂർവം അവനൊരു നാമം അവർ ചാർത്തി: അൽഅമീൻ. വിശ്വസ്തൻ.

ദൈവം അവനെ വളർത്തുകയായിരുന്നു. തങ്ങളുടെ മനസ്സിൻെറ പ്രസാദമായി അവർ അവനെ ഏറ്റിക്കൊണ്ടു നടന്നു.

അപൂർവതകളൊന്നും മൊട്ടിടാത്ത മരുഭൂമിയുടെ ഊഷരത ശൈത്യവും പലവട്ടം മാറിമറഞ്ഞു. അതിനിടയിൽ മരുമണൽ അവൻെറ ചുമലിൽ പൂർണ അനാഥത്വം ഏറ്റിവെച്ചിരുന്നു.

യൗവനത്തിൻെറ തിളപ്പിലും പക്വമതിയായി ആ വലിയ ബാലൻ വളർന്നു. മരുമണൽ അദ്ദേഹത്തിൻെറ ആദരവിനു മുമ്പിൽ മാർദ്ദവമായി നിന്നു. മരുപ്പറമ്പിനും ആളുകൾക്കും അദ്ദേഹം തങ്കമായിരുന്നു. മരുഭൂമിയുടെ കുളിർമ.

പിന്നെയാണത് സംഭവിച്ചത്.

കനത്ത കൂരിരുട്ടായിരുന്നു.

പർവതത്തിലെ ഗുഹയിൽനിന്ന് ഭയന്നുവിറച്ച് ആ മനുഷ്യൻ താഴേക്കോടി. കാലുകളിൽ യാന്ത്രികവേഗത. പാറക്കല്ലുകളും കുഴിയും ആ ഓട്ടത്തിനു മുമ്പിൽ വഴിമാറി.

ഇരുട്ടിലൂടെ ഓടി വീടെത്തുമ്പോൾ അയാളുടെ ഭാര്യ ഉറങ്ങിയിരുന്നില്ല. വർധിച്ച കിതപ്പോടെ അദ്ദേഹം ഭാര്യയോട് പറഞ്ഞു: എന്തോ, എനിക്ക് വല്ലാതെ ഭയം തോന്നുന്നു. ഞാനൊന്ന് കിടക്കട്ടെ. എനിക്ക് നന്നായി പുതച്ചു തരൂ."

അവർ വേഗം പുതപ്പെടുത്ത് ഭർത്തവിനെ പുതപ്പിച്ചു.

"എന്താ സംഭവിച്ചത്." അവരും പരിഭ്രമിച്ചിരുന്നു.

"അറിയില്ല. ആ ഗുഹയിൽ ഇരിക്കുന്നതിനിടയിൽ ഒരു സത്വം അവിടെ വന്നു എന്നെ മുറുകെ പുണർന്നു. ശ്വസിക്കാൻ ഞാനെറെ പ്രയാസപ്പെട്ടു."

"എന്നിട്ട്?"

"രണ്ട് തവണ എന്നെ മുറുകെ പുണർന്നു. അപ്പോഴൊക്കെ അത് എന്നോട് വായിക്കാൻ പറഞ്ഞു. ഞാനെന്ത് വായിക്കാൻ?"

"എന്നിട്ട്?" അവരുടെ ജിജ്ഞാസ വർധിച്ചു.

"എനിക്കറിയില്ല എന്നു ഞാൻ അതിനോട് പറഞ്ഞു. ഉടനെ അതൊരു വചനം ചൊല്ലിത്തന്നു. അതെനിക്ക് ഇപ്പോഴും ശരിക്ക് ഓർമയുണ്ട്. മറന്നിട്ടില്ല."

"സാരമില്ല. അങ്ങക്ക് ഒരു ദോഷവും വരില്ല." അവർ ഭർത്താവിനെ ആശ്വസിപ്പിച്ചു

അയാൾ ഭാര്യയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി.

"ഭയപ്പെടേണ്ട. അനാഥരെ പരിചരിക്കുകയും ദരിദ്രരെ ഊട്ടുകയും അഗതികളെ സഹായിക്കുകയും അവലംബമില്ലാത്തവർക്ക് അവലംബമേകുകയും ചെയ്യുന്ന അങ്ങേക്ക് ഒരാപത്തും വരില്ല, തീർച്ച. ഭാരം വഹിക്കുന്നവരുടെ ഭാരം പോലും അങ്ങ് ഏറ്റെടുക്കുന്നുണ്ടല്ലോ."

അവർ തൻെറ ഭർത്താവിനെ നന്നായി പുതപ്പിട്ടു മൂടി.

പ്രവാചകൻ മുഹമ്മദിൻെറ നിയോഗത്തെത്തുടർന്നാണ് അദ്ദേഹത്തിന് ഈ സംഭവമുണ്ടായത്.

- - -

ഒരിക്കൽ പ്രാചകൻ മുഹമ്മദും അനുയായികളും ഒരു യാത്രയിലായിരുന്നു. യാത്രാമധ്യേ അവർ ഒരിടത്ത് വിശ്രമിക്കാനിരുന്നു. അല്പം കഴിഞ്ഞ് കുറച്ചു ദൂരെ പുകയുയരുന്നത് അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെട്ടു. ഉടനെ അദ്ദേഹം ആ തീ അണക്കുവാനും അവിടെ വെള്ളമൊഴിച്ച് തണുപ്പിക്കാനും ആളുകളോട് ആവശ്യപ്പെട്ടു. അനുയായികൾ ഉടനെ അപ്രകാരം ചെയ്തു. കാര്യമെന്തെന്നറിയാനായി അവർ ചുറ്റും നോക്കി. അപ്പോഴുണ്ട് ഉറുമ്പുകൾ ചാലിട്ട് അതുവഴി വരുന്നു.

- - -

നമസ്കാര സമയവും കാത്ത് പള്ളിയിൽ ഇരിക്കുകയായിരുന്നു പ്രവാചകൻ മുഹമ്മദ്. കൂടെ ഏതാനും അനുയായികളുണ്ടായിരുന്നു. പെട്ടെന്ന് ഒരാൾ പള്ളിക്കകത്തേക്ക് ചെന്നു അതിൻെറ ഒരു മൂലയിൽ മൂത്രമൊഴിച്ചു. അതുകണ്ട അനുയായികൾ അയാളെ ശകാരിക്കാനും വിരോട്ടാനും മുതിർന്നു. ഉടനെ അവരെ തടഞ്ഞുകൊണ്ട് പ്രവാചകൻ പറഞ്ഞു: "അയാൾ മൂത്രമൊഴിക്കുന്നത് തടസ്സപ്പെടുത്തരുത്."

അയാൾ മൂത്രമൊഴിച്ചു പോകാനൊരുങ്ങവേ പ്രവാചകൻ അയാളെ വിളിച്ചു: വരുത്തിയിട്ട് ശാന്തനായികൊണ്ട് പറഞ്ഞു: "ഇത് ദൈവത്തെ ആരാധിക്കാനുള്ള സ്ഥലമാണ്. ഇവിടെ മൂത്രമൊഴിക്കരുത്."

അയാൾ സ്ഥലം വിട്ടപ്പോൾ മൂത്രമായ സ്ഥലത്ത് വെള്ളമൊഴിച്ചു ശുദ്ധിയാക്കാൻ പ്രവാചകൻ അവരോട് കല്പിച്ചു.

ദൈവത്തിൻെറ അവസാനത്തെ പ്രവാചകനായിരുന്നു മുഹമ്മദ് നബി.

അറേബ്യൻ മരുഭൂമിയിലെ മക്കയിലാണ് അദ്ദേഹം ജനിച്ചത്. എ.ഡി. 571 ഏപ്രിൽ 20നായിരുന്നു അത്. (സ്തുതിക്കപ്പെടുന്നവൻ എന്നാണ് മുഹമ്മദിൻെറ അർഥം.) അറേബ്യയിലെ ഉന്നതഗോത്രമായ ഖുറൈശിഗോത്രത്തിലാണ് അദ്ദേഹം ജനിച്ചത്.

അദ്ദേഹം ജനിക്കുന്നതിനു മുമ്പു തന്നെ പിതാവ് അബ്ദുല്ല മരണപ്പെട്ടിരുന്നു. ആറ് വയസ്സായപ്പോൾ മാതാവ് ആമിനയും മരണമടഞ്ഞു. അതൊരു യാത്രയിലായിരുന്നു. ഒരു കച്ചവടയാത്രയിൽ മരണമടഞ്ഞ ഭർത്താവിൻെറ കുഴിമാടം സന്ദർശിക്കാൻ മുഹമ്മദ് എന്ന കുഞ്ഞിനെയും കൂട്ടി ഭൃത്യയോടൊപ്പം അവിടേക്ക് പോയതായിരുന്നു അവർ. വഴിമധ്യേ അവർക്ക് രോഗം ബാധിക്കുകയും സ്വപുത്രൻെറ മുമ്പിൽ കിടന്ന് മരണമടയുകയും ചെയ്തു. തീർത്തും അനാഥനായ ആ ബാലൻ പിന്നീട് പിതാമഹൻ അബൂത്വാലിബിൻെറ സംരക്ഷണത്തിലാണ് വളർന്നത്.

## വ്യക്തിത്വം

അദ്ദേഹം ചെറുപ്പത്തിലേ സൽസ്വഭാവിയും വിശ്വസ്തനും സച്ചരിതനുമായിരുന്നു. അതിനാൽ തന്നെ മക്കയുടെ കണ്ണിലുണ്ണിയുമായിരുന്നു. വളർന്നപ്പോൾ ആളുകൾ തങ്ങളുടെ ധനം സൂക്ഷിക്കാനും പ്രശ്നങ്ങളിൽ മാധ്യസ്ഥ്യം വഹിക്കാനും അദ്ദേഹത്തെ ആശ്രയിച്ചു. തികഞ്ഞ ധിഷണാശക്തിയും ഉൾക്കാഴ്ചയും ഉചിതമാർഗം തിരഞ്ഞെടുക്കാനാവശ്യമായ മികച്ച കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു.

പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പ് നിശ്ശബ്ദ ജീവിതമാണ് അദ്ദേഹം നയിച്ചത്. ഇത് ധ്യാനത്തിനും സത്യത്തിലേക്ക് ആഴ്ന്നിറങ്ങുന്നതിനുള്ള ഗവേഷണത്തിനും അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹത്തിൻെറ വിശാലമനസ്കതയും ശുദ്ധപ്രകൃതിയും പിന്നീട് ജീവിതക്രമീകരണം സാധിക്കുന്നതിനും വ്യക്തികളെയും സമൂഹത്തെയും സംഘടിപ്പിക്കുന്നതിനും അവരെ സംസ്കരിക്കുന്നതിനും ഉപകരിച്ചു. അന്ധവിശ്വാസത്തെയും അനാചാരത്തെയും നിരാകരിച്ചു ക്രിയാത്മകവും ഉപകാരപ്രദവുമായ വിഷയങ്ങളിൽ സജീവപങ്കാളിത്തം വഹിക്കാനും അതദ്ദേഹത്തെ പ്രാപ്തനാക്കി.

ചുറ്റുപാടും കണ്ട അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സംസ്കരിക്കുന്നതിന് വഴിയറിയാതെ ഖിന്നനായി അദ്ദേഹം അകലെയുള്ള ഹിറാ എന്ന ഗുഹയിൽ പോയി ഏകാന്തവാസമനുഷ്ഠിച്ചു. അത് അറബികളുടെ പതിവുരീതിയായിരുന്നു. ആധ്യാത്മിക ചിന്തയുള്ളവർ വർഷത്തിലൊരിക്കൽ ഒരു നിശ്ചിത കാലം ആരാധനക്കും ധ്യാനത്തിനുമായി നീക്കിവെക്കുമായിരുന്നു. നാല്പതിലെത്തിയ മുഹമ്മദും ആ വഴി തന്നെ തിരഞ്ഞെടുത്തു. ഈ ഏകാന്തവാസം, ഉപകാരരഹിതവും നാശഹേതുകങ്ങളുമായ കാര്യങ്ങളിൽനിന്നകലാൻ അദ്ദേഹം സ്വീകരിച്ച വഴി കൂടിയായിരുന്നു. വീഞ്ഞുപോലുള്ള ലഹരിപദാർഥങ്ങൾ, കുത്തികൊലപ്പെടുത്തിയ കാലികളുടെ മാംസം, വിഗ്രഹാരാധന, അതിലധിഷ്ഠിതമായ ആഘോഷങ്ങൾ എന്നിവയിൽനിന്നദ്ദേഹം സ്വയം വിട്ടുനിന്നു.

കറകളഞ്ഞ സ്വഭാവത്തിനുടമയും മാതൃകാപുരുഷനുമായിരുന്നു മുഹമ്മദ്. സഹജീവികളോട് അങ്ങേയറ്റം സഹാനുഭൂതിയായിരുന്നു അദ്ദേഹത്തിന്. സംസാരത്തിൽ അങ്ങേയറ്റം സത്യസന്ധത പുലർത്തി. പെരുമാറ്റത്തിൽ സമചിത്തതയും സാരള്യവും പരിശുദ്ധിയും പ്രകടിപ്പിച്ചു. ഭക്തി നിറഞ്ഞ മുഖകമലം ജനങ്ങളെ ആകർഷിച്ചു. കരാർ പാലിക്കുന്നതിൽ അത്യുന്നതനായിരുന്നു അദ്ദേഹം. ഈവക സ്വഭാവങ്ങളാലാണ് ജനങ്ങൾ അദ്ദേഹത്തിന് ചരിത്രത്തിൽ നിസ്തുലമായ ഒരു നാമം നല്കി ആദരിച്ചത്. അൽ അമീൻ. (വിശ്വസ്തൻ).

അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ജനങ്ങൾക്ക് ആനന്ദമായിരുന്നു. അദ്ദേഹത്തോടുള്ള അവരുടെ ഭക്തി-ബഹുമാനം അതുല്യവും വിലമതിക്കാനാകാത്തതുമായിരുന്നു. ഇത്ത

രത്തിൽ ഒരു വ്യക്തിയും ചരിത്രത്തിൽ ആദരിക്കപ്പെടുകയോ സ്നേഹിക്കപ്പെടുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തെ അറിഞ്ഞവരൊക്കെ ആ വ്യക്തിത്വത്തിൽ ആകൃഷ്ടരായി. മറ്റൊരാൾക്കും നല്കിയിട്ടില്ലാത്ത പൂർണതകളുടെ എല്ലാ ഘടകങ്ങളാലും അദ്ദേഹം അനുഗ്രഹിക്കപ്പെട്ടിരുന്നു.

കച്ചവടക്കാരായിരുന്നു ഖുറൈശികൾ. പ്രവാചകത്വത്തിനു മുമ്പ് മുഹമ്മദും വ്യാപാരത്തിന്റെ ആദ്യ പാഠം പിതാമഹൻ അബൂത്വാലിബിൽനിന്ന് സ്വായത്തമാക്കുകയുണ്ടായി. കച്ചവടത്തിൽ അദ്ദേഹത്തിന് പ്രത്യേക മികവുണ്ടായിരുന്നു. പ്രകൃത്യാ ഉണ്ടായിരുന്ന വിശ്വസ്തത കൂടിയായപ്പോൾ അത് മുഹമ്മദിനെ ശ്രദ്ധേയനാക്കി. ഈ ഗുണമായിരുന്നു സമ്പന്നയും കുലീനയുമായ ഖദീജയെന്ന മക്കയിലെ വ്യാപാരസ്ത്രീ അദ്ദേഹവുമായി വൈവാഹിക ബന്ധത്തിലേർപ്പെടാൻ തൽപരയായതും അത് പൂവണിഞ്ഞതും. അന്ന് അദ്ദേഹത്തിന് 25 വയസ്സ് പ്രായമായിരുന്നു. ഖദീജയാകട്ടെ വിധവയും നാല്പത് തികഞ്ഞ മധ്യവയസ്കയുമായിരുന്നു.

## പ്രവാചകനായി നിയോഗിക്കപ്പെട്ടു

ആത്മീയധ്യാനത്തിൽ നിമഗ്നനായി ഹിറാഗുഹയിൽ കഴിഞ്ഞുകൂടുന്ന ഒരുനാൾ അദ്ദേഹത്തിന് ദൈവത്തിൽനിന്നുള്ള സന്ദേശം ലഭിച്ചു. ഒരു മാലാഖ (മലക്) അദ്ദേഹത്തെ സമീപിച്ച് ആലിംഗനം ചെയ്ത് വായിക്കാനാവശ്യപ്പെട്ടു. ജീവിതത്തിലൊരിക്കലും വായിച്ചിട്ടില്ലാത്ത നിരക്ഷനായ മുഹമ്മദ് പേടിച്ചരണ്ടു. എനിക്ക് വായിക്കാനറിയില്ല എന്നദ്ദേഹം പറഞ്ഞു. മാലാഖ രണ്ടാമതും ശക്തിയായി പുണർന്നു വായിക്കാനാവശ്യപ്പെട്ടു. അദ്ദേഹം അപ്പോഴും പറഞ്ഞു: “എനിക്ക് വായിക്കാനറിയില്ല.” മൂന്നാമതും ശക്തിയായി പുണർന്നു ഞെരിക്കുമോ എന്നു ഭയന്ന് അദ്ദേഹം തിരക്കി: “ഞാൻ എന്താണ് വായിക്കേണ്ടണ്ടത്?” അപ്പോൾ മാലാഖ പറഞ്ഞുകൊടുത്തു: “വായിക്കുക. സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ. മനുഷ്യനെ അവൻ സിക്താണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക. നിന്റെ നാഥൻ അത്യുദാരനത്രെ. പേനകൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യനെ അവനറിയാത്തത് പഠിപ്പിച്ചവൻ.” ആ വാക്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ കൊത്തിവെച്ചതുപോലെയായി. ഇതായിരുന്നു ആദ്യത്തെ ദിവ്യബോധനം. നാല്പതാം വയസ്സിലാണത് സംഭവിച്ചത്.

എന്താണ് സംഭവിച്ചതെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. അദ്ദേഹം ഗുഹ വിട്ടോടി. എന്നെ പുതപ്പിക്കൂ എന്നു അദ്ദേഹം വിളിച്ചു പറയുന്നുണ്ടായിരുന്നു. പ്രിയതമ ഖദീജ അദ്ദേഹത്തെ പുതപ്പിച്ചു ആശ്വസിപ്പിച്ചു.

അദ്ദേഹം പ്രവാചകനായി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ലോകത്തെ സംസ്കരിക്കേണ്ട ഉത്തരവാദിത്തം തന്നിലർപ്പിതമായിരിക്കുന്നു എന്ന കാര്യം അദ്ദേഹത്തിന് ബോധ്യമായി.

പ്രപഞ്ചനാഥന്റെ ഏകത്വം പ്രചരിപ്പിക്കാനും ബഹുദൈവത്വത്തിനെതിരെ ജനത്തിന് മുന്നറിയിപ്പ് നല്കാനും തുടർന്ന് അദ്ദേഹം അനുശാസിക്കപ്പെട്ടു.

അദ്ദേഹം തന്റെ കൃത്യം തുടങ്ങി. ആദ്യമാദ്യം സ്വന്തക്കാരെയും കൂട്ടുകാരെയും തന്റെ സന്ദേശം കേൾപ്പിച്ചു. അടുത്തറിയുന്നവരാരും അദ്ദേഹത്തെ സംശയിച്ചില്ല. കാരണം, അദ്ദേഹം അവർക്കൊക്കെ അൽഅമീൻ (വിശ്വസ്തൻ) ആയിരുന്നല്ലോ.

എന്നാൽ മക്കാനിവാസികളിലെ ബഹുദൈവവിശ്വാസികൾ അദ്ദേഹത്തെ എതിർത്തു. അദ്ദേഹത്തിൽ വിശ്വസിച്ചവരെ മർദ്ദിച്ചു. പക്ഷേ, അതവരെ വിശ്വാസത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ പോന്നതായിരുന്നില്ല. എന്നല്ല, അദ്ദേഹത്തിന്റെ സന്ദേശം ചെവികൊള്ളുന്നതിൽനിന്ന് ജനത്തെ തടയാനും പര്യാപ്തമായില്ല.

അഞ്ചു വർഷത്തിനു ശേഷം അദ്ദേഹം പൊതുജനങ്ങളെ പരസ്യമായി തന്നെ സ്രഷ്ടാവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചുതുടങ്ങി. പക്ഷേ, മക്കയിലെ പ്രമാണിമാർ അടങ്ങിയിരുന്നില്ല. അവർ അദ്ദേഹത്തിനും അനുചരർക്കുമെതിരെ പീഡനങ്ങളാരംഭിച്ചു. അപ്പോഴും പ്രവാചകർ തന്റെ ദൗത്യം തുടർന്നുകൊണ്ടിരുന്നു. ഈ പീഡനഘട്ടത്തിലും ഒട്ടേറെ പേർ ഇസ്ലാം വിശ്വസിച്ചു. മക്കയിലെ പ്രമാണിമാർ പൊറുതിമുട്ടി. ഭരണാധികാരവും സമ്പത്തും സൗന്ദര്യവതികളായ സ്ത്രീകളെയും വാഗ്ദാനം ചെയ്തു ദൗത്യം നിർത്തുന്നതിന് പ്രലോഭിപ്പിച്ചുനോക്കി. അദ്ദേഹം പിന്മാറിയില്ല.

വലംകൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും വെച്ചുതന്നാൽ പോലും ഈ ഉത്തരവാദിത്തത്തിൽനിന്ന് പിന്മാറില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

വിശ്വാസികളുടെ അംഗസംഖ്യ വർധിച്ചുകൊണ്ടിരുന്നു. എതിർപ്പിൻെറ മറ്റുവഴികൾ തേടാൻ മക്കാപ്രമാണിമാർ നിർബന്ധിതരായി. നബിക്കും വിശ്വാസികൾക്കും നേരെ അവർ ക്രൂരമർദനമുറകൾ അഴിച്ചുവിട്ടു. മർദനം അസഹ്യമായപ്പോൾ നബി അനുചരരോട് അയൽരാജ്യമായ എത്യോപ്യയിലേക്ക് പലായനം ചെയ്യാൻ ആവശ്യപ്പെട്ടു. അന്ന് ക്രൈസ്തവ രാജാവ് നേഗസ് ആയിരുന്നു അവിടെ ഭരിച്ചിരുന്നത്.

അബ്സീനിയയിൽ അഭയം തേടിയ മുസ്ലിംകളെ തിരികെ കൊണ്ടുവരാൻ മക്കാപ്രമാണിമാർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. നേഗസ് അവരെ വിട്ടുകൊടുത്തില്ല.

മുസ്ലിംകളെ തിരികെ വിട്ടുകിട്ടുന്നതിന് തന്നെ സമീപിച്ച ഖുറൈശി പ്രതിനിധികളോട് രാജാവ് ചോദിച്ചു:

“അദ്ദേഹത്തിൻെറ കുടുംബത്തിൽ രാജാക്കന്മാരുണ്ടായിരുന്നോ?”

“ഇല്ല.” പ്രതിനിധികൾ പറഞ്ഞു.

“അദ്ദേഹം വല്ലപ്പോഴും കള്ളം പറഞ്ഞിട്ടുണ്ടോ?”

“ഇല്ല.”

“അദ്ദേഹത്തെ പിൻപറ്റുന്നത് ഉന്നതരാണോ അതല്ല സാധാരണക്കാരോ?”

“പാവങ്ങളാണ്.”

“എങ്കിൽ അദ്ദേഹം പ്രവാചകൻ തന്നെയാണ്.” രാജാവ് അവരെ തിരികെ അയച്ചു.

അതും ഫലിക്കുന്നില്ലെന്ന് ബോധ്യമായപ്പോൾ മക്കാപ്രമാണിമാർ പ്രവാചകനെയും കുടുംബ ത്തെയും ഉപരോധിക്കാൻ തന്നെ തീരുമാനിച്ചു. അതനുസരിച്ച് പ്രവാചക കുടുംബവുമായി ഒരുവിധത്തിലുള്ള ബന്ധവും പാടില്ലായിരുന്നു. ഭക്ഷണം നല്കുന്നതുപോലും വിലക്കി. ഈ ഉപരോധം മൂന്നു വർഷക്കാലം നീണ്ടുനിന്നു. ദുരിതപൂർണമായ മൂന്നു വർഷങ്ങൾ. എന്നാൽ ശത്രുക്കളായ ചിലർ തന്നെ ഈ ഉപരോധം പിൻവലിക്കാൻ മക്കാപ്രമാണിമാരെ നിർബന്ധിച്ചു. അങ്ങനെ അവരത് പിൻവലിച്ചു. ആ ഘട്ടത്തി ലാണ് പ്രവാചകൻെറ പ്രിയപത്നിയും സംരക്ഷകൻ അബൂത്വാലിബും മരണമടഞ്ഞത്. അദ്ദേഹത്തെ ഏറെ ദുഃഖിപ്പിച്ച വർഷമാണത്.

താമസിയാതെ പ്രവാചകൻ തൻെറ ബന്ധുജനങ്ങളുടെ സഹകരണവും പ്രതീക്ഷിച്ച് അടുത്ത ഗ്രാമമായ ത്വാഇഫിലേക്ക് പോയി. നിരാശയായിരുന്നു ഫലം. അവർ അദ്ദേഹത്തെ എറിഞ്ഞോടിക്കുകയാണ് ചെയ്തത്.

## മദീനാപലായനം

മക്കക്കാരുടെ ക്രൂരമർധനത്തിൽ അദ്ദേഹവും അനുയായികളും പൊറുതിമുട്ടുമ്പോഴാണ് ഹജ്ജ് നിർവഹിക്കുന്നതിനു വേണ്ടി 200 കി.മി. അകലെയുള്ള യഥ്രിബിൽനിന്ന് ഏതാനും ആളുകൾ മക്കയിൽ വന്നത്. എ.ഡി. 622 ലായിരുന്നു അത്. (പ്രവാചകൻ മുഹമ്മദിൻെറ 2500 വർഷം മുമ്പുതന്നെ ഹജ്ജ് കർമം നിലവിലുണ്ട്. പ്രവാചകനായ ഇബ്റാഹീം-അബ്രഹാം- ആണതിന് തുടക്കം കുറിച്ചത്) ആ ആളുകളിൽ ചിലർ പ്രവാചകനെ കണ്ട് ഇസ്ലാം വിശ്വസിക്കുകയും തിരികെ യഥ്രിബിൽ പോയി ഇസ്ലാം പ്രചരിപ്പിക്കുകയും ചെയ്തു. അതുവഴി അവിടെ മുസ്ലിംകൾ വർധിച്ചുവന്നു. അവർ പ്രവാചകന് സർവ വിധ സംരക്ഷണവും വാഗ്ദാനം ചെയ്ത് അദ്ദേഹത്തെ അവിടേക്ക് ക്ഷണിച്ചു. അതിനിടെ മക്കയിലെ അവിശ്വാസികളുടെ മർദനമുറകൾ അതിൻെറ പാരമ്യത്തിലെത്തിയിരുന്നു. അതിനാൽ തൻെറ അനുയായികളോട് യഥ്രിബിലേക്ക് പലായനം ചെയ്യാൻ പ്രവാചകൻ കല്പിച്ചു. എന്നാൽ പ്രവാചകൻ കൂടി യഥ്രിബിലേക്ക് പോയാലുണ്ടാകാവുന്ന ഭവിഷ്യത്ത് മനസ്സിലാക്കിയ മക്കാപ്രമാണിമാർ അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ചു രാത്രിയിൽ അവർ അദ്ദേഹത്തിൻെറ വീട് വളഞ്ഞു. പക്ഷേ, ദൈവം അദ്ദേഹത്തെ അവരിൽനിന്ന് രക്ഷപ്പെടുത്തി. താമസിയാതെ അദ്ദേഹവും യഥ്രിബിലെത്തി. ഏറെ സന്തോഷത്തോടെയാണ് അവിടത്തുകാർ അദ്ദേഹത്തെ സ്വീകരിച്ചത്. അദ്ദേഹത്തോടുള്ള ബഹുമാനാർഥം അവർ തങ്ങളുടെ നാടിന് പ്രവാചകനഗരി എന്ന അർഥം വരുന്ന “മദീനത്തുന്നബി” എന്ന് നാമകരണം നല്കുകയുണ്ടായി. അതാണ് ഇന്നത്തെ മദീന.

ഈ പലായനം ഇസ്‌ലാമിക ചരിത്രത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു. ഈ സംഭവത്തോടെയാണ് ഹിജ്‌റ വർഷം നിലവിൽവന്നത്.

## മദീനയുടെ മാറ്റം

മദീനയിലെത്തിയ പ്രവാചകൻ ഒരു മാതൃകാസമൂഹത്തിനും രാഷ്ട്രത്തിനും രൂപം കൊടുത്തു. ഏകദൈവത്വത്തിലധിഷ്ഠിതമായ വിശ്വാസത്തിലൂന്നി ഒരേക നേതൃത്വത്തിന്റെയും ഒരേ നിയമവ്യവസ്ഥയുടെയും കീഴിൽ അദ്ദേഹം മുസ്‌ലിംകളെ ഏകീകരിച്ചു. സാമൂഹികസുരക്ഷയും ആഭ്യന്തര സമാധാനവും ലക്ഷ്യംവെച്ച് അദ്ദേഹം ഒരുടമ്പടിക്ക് രൂപം നല്കി. മദീനയിലെ വിവിധ മുസ്‌ലിം-അമുസ്‌ലിം ഗോത്രങ്ങൾ അതിൽ ഒപ്പുവെച്ചു. തുല്യാവകാശങ്ങളും ബാധ്യതകളും ഉറപ്പുവരുത്തുന്ന ആ കരാറിൽ ജൂതഗോത്രങ്ങളും പങ്കാളികളായി. ഈ ഉടമ്പടി ആധുനിക രാഷ്ട്രതന്ത്രജ്ഞരുടെ പോലും പ്രശംസ പിടിച്ചുപറ്റിയ അതിമഹത്തായ കാൽവെപ്പായിരുന്നു.

പുതുതായി രൂപംകൊണ്ട ഇസ്‌ലാമികരാഷ്ട്രവും സമൂഹവും മക്കയിലെ പ്രമാണിമാരുടെ ഉറക്കം കെടുത്തിയത് സ്വാഭാവികം. മുഹമ്മദിന് അഭയം കൊടുത്ത യഥ്‌രിബുകാരോടുള്ള അമർഷം അവരുടെ മനസ്സിൽ നീറിപ്പടർന്നു. അത് അവരെ യുദ്ധക്കളത്തിലേക്ക് നയിക്കുകയാണ് ചെയ്തത്. അദ്ദേഹത്തെയും മുസ്‌ലിംകളെയും നശിപ്പിച്ചുകളയാൻ ഒട്ടേറെ യുദ്ധങ്ങൾ മക്കാപ്രമാണിമാർ സംഘടിപ്പിക്കുകയുണ്ടായി. അവർ മുൻകൈയെടുത്തുണ്ടായ പല യുദ്ധങ്ങളിലും സമാധാനം നിലനിറുത്തുന്നതിനായി മുസ്‌ലിംകൾക്ക് ആയുധമേന്തേണ്ടിവന്നു.

സ്വന്തം നാടും വീടും വിട്ടതിനു ശേഷം അഞ്ചുവർഷക്കാലം മുസ്‌ലിംകളാരും മക്കയിലേക്ക് പോയില്ല. ആറാം വർഷം കഅ്ബാസന്ദർശനം ഉദ്ദേശിച്ച് അവർ മക്കയിലേക്ക് പുറപ്പെട്ടു. എന്നാൽ മക്കക്കാർ അവർക്ക് പ്രവേശനം നിഷേധിച്ചു. ഒടുവിൽ അവർ ഒരു സന്ധിയിലെത്തി. പ്രഥമദൃഷ്ട്യാ മുസ്‌ലിംകൾക്ക് നഷ്ടകരമായ ആ സന്ധി പ്രവാചകന്റെ വിട്ടുവീഴ്ചയും മഹാമനസ്കതയും കാരണമാണ് പ്രാബല്യത്തിൽ വന്നത്. തീർഥാടനം നടത്താതെ തന്നെ മുസ്‌ലിംകൾ തിരിച്ചുപോയി. എന്നാൽ ഈ സമാധാനാന്തരീക്ഷം പ്രവാചകൻ ശരിക്കും ഉപയോഗപ്പെടുത്തി. പേർഷ്യ,, സിറിയ, റോം, ഈജിപ്ത് പോലുള്ള രാജ്യങ്ങളിലെ രാജാക്കന്മാരെ അദ്ദേഹം ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങളയച്ചു.

ഹിജ്‌റ എട്ടാം വർഷം (നബി മദീനയിലെത്തിയ എട്ടാം വർഷം) മക്കക്കാർ പ്രവാചകന്റെ പക്ഷക്കാരായ ഒരു ഗോത്രത്തെ ആക്രമിച്ചു സന്ധി ലംഘിച്ചു. ഒരു സൈനികനടപടിയിലാണ് അതവസാനിച്ചത്. പതിനായിരത്തോളം വരുന്ന യോദ്ധാക്കളെ അണിനിരത്തി പ്രവാചകൻ മക്കയിലേക്ക് പ്രവേശിച്ചു. അവരെ തടയാൻ മക്കക്കാർക്ക് സാധിച്ചില്ല. ഒരാളുടെ പോലും രക്തം ചിന്താതെ മക്ക പ്രവാചകന് കീഴടങ്ങി. ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമാണിത്.

ദൈവവിശ്വാസികളായതിന്റെ പേരിൽ മുഹമ്മദിനെയും കൂട്ടരെയും ക്രൂരമായി മർദ്ദിച്ച മക്കക്കാർ, ഇപ്പോൾ വിജയശ്രീലാളിതനായി വന്ന മുഹമ്മദ് തങ്ങളുടെ നേരെ എന്ത് പ്രതികാരനടപടിയാണ് സ്വീകരിക്കുകയെന്നറിയാതെ ചകിതരായി നിന്നു. എന്നാൽ അവരോട് പ്രവാചകൻ പറഞ്ഞതിങ്ങനെ: “നിങ്ങൾ പൊയ്ക്കൊള്ളുക. നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങൾക്കെതിരെ പ്രതികാരനടപടിയൊന്നുമില്ല.” ഈ സംഭവത്തോടെ പ്രവാചകൻ അറേബ്യയിലെ അനിഷേധ്യ ഭരണാധികാരിയായിമാറി. കഅ്ബാ സന്ദർശനാനന്തരം അദ്ദേഹവും അനുയായികളും മദീനയിലേക്കു തന്നെ തിരിച്ചുപോയി.

ഹിജ്‌റ 10-ാം വർഷം വീണ്ടും അദ്ദേഹം മക്കയിലെത്തി. വിശുദ്ധ ഹജ്ജ് കർമത്തിനായിരുന്നു അത്. ഒരു ലക്ഷത്തിലധികം വിശ്വാസികൾ ആ കർമത്തിൽ പങ്കെടുത്തു. അന്ന് അദ്ദേഹം അവിടെ സമ്മേളിച്ചവരോട് ചെയ്ത പ്രസംഗം ചരിത്രത്തിൽ അപൂർവമായ മനുഷ്യാവകാശപ്രഖ്യാപനം കൂടിയായിരുന്നു. ഹജ്ജിന് ശേഷം മക്കയിലേക്ക് മടങ്ങിയ പ്രവാചകൻ മൂന്നു മാസക്കാലമേ ജീവിച്ചുള്ളു. ഹിജ്‌റ 10-ാം വർഷം (എ.ഡി. 632) അദ്ദേഹം പത്നി ആയിശയുടെ മടിയിൽ തലവെച്ച് മരണമടഞ്ഞു.

മുഹമ്മദ്നബി മനുഷ്യനായ പ്രവാചകനായിരുന്നു. ദൈവദൂതൻ എന്ന അടിസ്ഥാനമാണ് അദ്ദേഹത്തിന്റെ സ്വഭാവത്തിനും വ്യക്തിത്വത്തിനും രൂപം നല്കിയിരുന്നത്.

മനുഷ്യനായ ആ പ്രവചാകൻ മനുഷ്യരോടൊത്ത് ജീവിച്ചു, അവരിൽ ഒരാളായി ക്കൊണ്ട്. "ഞാൻ നിങ്ങളെപ്പോലെ മനുഷ്യൻ തന്നെ" എന്നദ്ദേഹം തന്നെ അമിത മായി ആദരിച്ച ജനത്തോട് പറയുകയുണ്ടായി.

അദ്ദേഹത്തിനു മുമ്പ് ലോകത്ത് ആഗതരായ പ്രവാചകരൊക്കെ അക്കാലത്തേക്കും ദേശത്തേക്കും പരിമിതരായ ദൈവിക സന്ദേശവാഹകരായിരുന്നു. പ്രവാചകൻ മുഹ മ്മദിൻെറ സ്ഥിതി അതല്ല. അദ്ദേഹം മുഴുവൻ ലോകത്തിനും അന്ത്യദിനം വരെ യുള്ള മനുഷ്യരക്കുമുള്ള പ്രവാചകനാണ്. "ലോകജനതക്ക് മുഴുവനായിട്ടാണ് നാം നിന്നെ നിയോഗിച്ചത്" എന്ന് സ്രഷ്ടാവ് അദ്ദേഹത്തോട് പറയുകയുണ്ടായി.

അദ്ദേഹത്തിലൂടെ അവതീർണമായ ഗ്രന്ഥമാണ് ഖുർആൻ. അത് ഏതെങ്കിലും ദേശക്കാർക്കോ ഭാഷക്കാർക്കോ കാലത്തേക്കോ ഉള്ളതല്ല. മുഴുകാലത്തിനും ലോക ത്തിനും മുഴുവൻ ജനത്തിനും ഉള്ളതാണ്.

അദ്ദേഹത്തെപ്പറ്റി പഠനം നടത്തിയ ലോക പണ്ഡിതരെല്ലാം അത്ഭുതപ്പെടുക യായിരുന്നു. അത്രത്തോളം വൈവിധ്യം നിറഞ്ഞ ആ വ്യക്തിത്വം ലോകമനുഷ്യരിൽ നിന്നും വേറിട്ടുനില്ക്കുന്നു എന്നതാണ് കാരണം. അഥവാ, മനുഷ്യൻെറ എല്ലാ ഗുണങ്ങളും ഒന്നിച്ചുചേർന്ന ചരിത്രത്തിലെ അപൂർവം മനുഷ്യനായിരുന്നു അദ്ദേഹം. ആ വ്യക്തിത്വത്തിൻെറ എല്ലാ വശങ്ങളെയും ഒരുപോലെ വരച്ചുകാണിക്കുക അസാ ധ്യമാണ്.

അറേബ്യയുടെ ഭരണാധികാരിയായിരുന്നിട്ടും ആ സമ്രാട്ട് വിനയാന്വിതനായ ദൈവദാസനായി തന്നെ ജീവിച്ചു. ലളിതമായ ജീവിതമായിരുന്നു അദ്ദേഹത്തിൻെറത്. മിക്കപ്പോഴും പട്ടിണി. പരുപരുക്കൻ പായയിലാണ് അന്തിയുറങ്ങിയിരുന്നത്. ഒരിക്കൽ ഉറങ്ങി എഴുന്നേറ്റ പ്രവാചകൻെറ ശരീരത്തിൽ പതിഞ്ഞ പായയുടെ പാട് കണ്ട് അദ്ദേഹത്തിൻെറ അടുത്ത അനുയായി പൊട്ടിക്കരഞ്ഞു. പ്രവാചകൻ അദ്ദേഹത്തോട് കാര്യം തിരക്കി. അദ്ദേഹം പറഞ്ഞു: കിസ്രമാരും കൈസർമാരും പൂമെത്തയിൽ കിട ന്നുറങ്ങുമ്പോൾ ദൈവദൂതനായ അങ്ങയെ ഈ അവസ്ഥയിൽ കണ്ടപ്പോൾ കര ഞ്ഞുപോയതാണ്." പ്രവാചകൻ പ്രതിവചിച്ചു: ഞാനും അവരും തമ്മിൽ എന്തു ബന്ധം? അവർ ഭൗതിക സുഖം തിരഞ്ഞെടുത്തവരാണ്. ഞാനോ, പരലോകത്തെ സുഖം തിരഞ്ഞെടുത്തവനും."

ശത്രുക്കളോടു പോലും ദയയോടും കാരുണ്യത്തോടും കൂടി വർത്തിച്ചു. അദ്ദേഹം തൻെറ അനുയായികളെ അഭ്യസിപ്പിച്ച യുദ്ധസംസ്കാരം എത്ര ഉന്നതവും മാനുഷി കപ്രതിപത്തി നിറഞ്ഞതുമായിരുന്നെന്നോ? "വൃദ്ധരെയും സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിക്കരുത്. ദയ യാചിച്ച ശത്രുഭടനെയും അപായപ്പെടുത്തരുത്. സന്ധി ആവശ്യ പ്പെട്ടാൽ നിങ്ങളും സന്ധിയിലേർപ്പെടുക." അദ്ദേഹം അനുയായികളോട് പഠിപ്പിച്ചു. തന്നെ പീഡിപ്പിച്ചവർക്കും ശത്രുത വെച്ചുപുലർത്തിയവർക്കും പൊറുത്തുകൊടുക്കാൻ തൻെറ നാഥനോട് പ്രാർഥിച്ച ഉന്നത മനസ്സിൻെറ ഉടമയായിരുന്നു അദ്ദേഹം.

ഒരിക്കൽ ഒരു ജൂതൻെറ മൃതദേഹം കൊണ്ടുപോകുന്നതു കണ്ടപ്പോൾ അദ്ദേഹം എഴുന്നേറ്റു നിന്നു. അതെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അതൊരു മനുഷ്യ ൻെറ മൃതദേഹമാണല്ലോ. അതിനെ ആദരിക്കണം."

## മനുഷ്യസ്നേഹി

മനുഷ്യസ്നേഹത്തിൻെറ ഉദാത്തമാതൃക മുറ്റിനിൽക്കുന്ന ജീവിതമായിരുന്നു അദ്ദേ ഹത്തിൻെറത്. ജനം ജീവിക്കുന്ന ദുഷിച്ച രീതിയും അതുവഴി അവർക്ക് വന്നെത്താ വുന്ന ദൈവികകോപവും ഓർത്ത് അദ്ദേഹം വേദനിച്ചു. ദൈവിക ശിക്ഷയിൽനിന്ന് മനുഷ്യരുടെ മോക്ഷത്തിനായി അദ്ദേഹം കഠിനമായി യത്നിച്ചു. മനുഷ്യവിമോച നമായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനത്തിന് പ്രചോദനം. ഈ ഉയർന്ന വികാരം രോഗശയ്യയിൽനിന്നു പോലും മനുഷ്യരിലേക്കിറങ്ങിച്ചെല്ലാൻ അദ്ദേഹത്തെ നിർബ ന്ധിച്ചു.

ഒരിക്കൽ പനി പിടിച്ച് വിറയാർന്ന് കിടക്കുകയായിരുന്നു അദ്ദേഹം. പെട്ടെന്ന് പുതപ്പ് ശരീരത്തിൽ ചുറ്റി അദ്ദേഹം തെരുവിലേക്കിറങ്ങി.

"സുഖമില്ലാതെ എങ്ങോട്ടാണീ യാത്ര?" ഖദീജ തിരക്കി.

“ഒരു കച്ചവട സംഘം വന്നിട്ടുണ്ട്. അവർക്ക് ദൈവിക സന്ദേശം എത്തിച്ചുകൊടുക്കാതിരുന്നാൽ ദൈവത്തിൻെറ മുമ്പിൽ ഞാൻ കുറ്റക്കാരനാകും.”

“അതിന് പനി ഭേദമായിട്ടുപോരേ?”

“എൻെറ പനി സുഖമാകുവോളം കച്ചവട സംഘം അവിടെ ഇരിക്കില്ലല്ലോ._

അദ്ദേഹം ഇറങ്ങിനടന്നു.

വ്യക്തികളെയും ഗോത്രങ്ങളെയും ഗ്രാമങ്ങളെയും പ്രബോധനം ചെയ്തു. അദ്ദേഹത്തിൻെറ പത്നി ആഇശ പറഞ്ഞു: അദ്ദേഹം ദൈവികസന്ദേശവുമായി മക്കയിലെ ഓരോ വ്യക്തിയെയും സമീപിച്ചു. നേതാക്കളെയും ദരിദ്രരെയും ക്ഷണിച്ചു. അവരോടൊക്കെ സഹതാപത്തോടെയും ഗുണകാംക്ഷയോടെയും വർത്തിച്ചു.” എന്നിട്ടും ജനത്തിൻെറ കാര്യത്തിൽ അദ്ദേഹത്തിന് ആധിയായിരുന്നു. ഇക്കാര്യത്തെ അവിടന്ന് സ്വയം ചിത്രീകരിച്ചതിങ്ങനെ: അഗ്നിയിലേക്ക് പറന്നുവീണ് സ്വയം നശിക്കുന്ന ഈയാംപാറ്റകളെ പ്രതിരോധിക്കുന്നവനെപ്പോലെയാണ് ഞാൻ.”

അതോടൊപ്പം അദ്ദേഹം ജനതയെ ഉപദേശിച്ചതെന്തോ അതുമുഴുവൻ സ്വജീവിതത്തിൽ പകർത്തി കാണിക്കുകയാണ് അദ്ദേഹം ചെയ്തത്.

വിശക്കുന്നവൻെറയും കഷ്ടപ്പെടുന്നവൻെറയും തോഴനായിരുന്നു അദ്ദേഹം. സദാചാരത്തിനു നിരക്കാത്തതെല്ലാം വർജിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. തമാശയായി പോലു കള്ളം പറയരുത്, മോഷ്ടിക്കരുത്, വിശ്വാസവഞ്ചന അരുത്, വ്യഭിചരിക്കരുത്, പലിശ തിന്നരുത്, അനാഥയുടെ സ്വത്ത് തിന്നരുത്, മറ്റുള്ളവരുടെ സ്വത്ത് അന്യായമായി കൈയടക്കി വെക്കരുത്. സഹായം ചോദിച്ചുവരുന്നവനെ തിരിച്ചയക്കരുത്, ജനങ്ങളോട് മാന്യമായി പെരുമാറണം, കോപിക്കരുത്, അതിക്രമം അരുത്, ഏഷണിയും പരദൂഷണവും അരുത്, അന്യൻെറ വീട്ടൽ അനുവാദമില്ലാതെ പ്രവേശിക്കരുത്, നാവിനെ സൂക്ഷിക്കുക, കുടുംബ ബന്ധം ചേർക്കുക, ബന്ധം മുറിച്ചവനോട് അത് കൂട്ടിച്ചേർക്കുക, നിഷേധിച്ചവന് നല്കുക, പുഞ്ചിരിക്കുന്ന മുഖത്തോടെ സഹോദരന്മാരെ അഭിമുഖീകരിക്കുക, കള്ളസാക്ഷ്യം അരുത്, പൂഴ്ത്തിവെക്കരുത്, കൃത്രിമം കാണിക്കരുത്, വില കൂട്ടിപ്പറയരുത്, ഒരാൾ വില പറഞ്ഞതിന്മേൽ വില കൂട്ടിപ്പറയരുത്, ലഹരിപദാർഥങ്ങൾ ഉപയോഗിക്കരുത്, ചത്ത മൃഗങ്ങളുടെ മാംസം ഭുജിക്കരുത്, ഊഹം അരുത്, ഒളിഞ്ഞു നോക്കരുത്, പരിഹസിക്കരുത്, അപവാദം പറയരുത്, ഇങ്ങനെ ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ അദ്ദേഹം ഉപദേശിക്കുകയും ജീവിച്ചു കാണിക്കുകയും ചെയ്യുകയുമുണ്ടായി.

ഏറെ ഉദാത്തമായിരുന്നു അദ്ദേഹത്തിൻെറ ജീവിത.ം. ഏറെ ശ്രമകരമായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനം. ഒട്ടേറെ സാമൂഹിക പ്രതിസന്ധികളെ അദ്ദേഹത്തിന് തരണം ചെയ്യേണ്ടിവന്നു- ദുഷ്പ്രഭുത്വവും പൗരോ ഹിത്യവും മനുഷ്യമനസ്സുകളെ കീഴടക്കിയ കാക്കത്തൊള്ളായിരം വിഗ്രഹാരാധനാ സമ്പ്രദായവും ആചാരങ്ങളും ഒരു ഭാഗത്ത്. സാമൂഹികാസമത്വവും ഗോത്രാധിപത്യവും തന്മൂല വഴക്കുകളും അന്ധവിശ്വാസ-ദുരാചാരങ്ങളും നിറഞ്ഞ സാമൂഹികാവസ്ഥ വേറെ. ഈ രംഗങ്ങളെയെല്ലാം അദ്ദേഹം സംസ്കരിച്ചു. അതിനിടയിൽ ഒട്ടേറെ സംഘർഷസംഭവങ്ങൾക്കും അറേബ്യ സാക്ഷിയായി. ഓരോ സംഭവവും അദ്ദേഹത്തിൻെറ സ്വീകാര്യത വർധിപ്പിക്കുകയാണ് ചെയ്തത്. കാരണം, അദ്ദേഹത്തിൻെറ സമീപനം മനുഷ്യമനസ്സുകളെ തൊട്ടറിഞ്ഞുകൊണ്ടുള്ളതായിരുന്നു.

മനുഷ്യവിമോചനത്തോടൊപ്പം അവരുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊണ്ട ചരിത്രത്തിലെ അതുല്യ വ്യക്തി കൂടിയാണദ്ദേഹം.

## മുഹമ്മദ് പൂർവ വേദഗ്രന്ഥങ്ങളിൽ

*“അപ്പോൾ മഹാമദ് എന്ന പേരിൽ വിദേശീയനായ ഒരു ആചാര്യൻ തൻെറ അനുചരരോടു കൂടി പ്രത്യക്ഷപ്പെടും.”* (ഭവിഷ്യൽപുരാണം.3:3:3:5) ഇവിടെ പരാമർശിച്ച മഹാമദ് പ്രവാചകൻ മുഹമ്മദാകുന്നു.

അദ്ദേഹത്തെയും അനുയായികളെയും പരാമർശിച്ചുകൊണ്ട് ഭവിഷ്യല്പുരാണം (:3:3:25-28) പ്രസ്താവിക്കുന്നു:

*“അദ്ദേഹത്തിൻെറ അനുയായികൾ ചേലാകർമം ചെയ്യും. അവർ കുടുമ വെക്കുകയില്ല. താടി വളർത്തും. അവർ വിപ്ളവകാരികളായിരിക്കും. പ്രാർഥനക്ക് വരാൻ*

*അവർ ഉറക്കെ ആഹ്വാനം ചെയ്യും. പന്നി ഒഴികെ മിക്ക മൃഗങ്ങളെയും അവർ ഭക്ഷിക്കും. മതത്തെ മലിനമാക്കുന്നവരുമായി യുദ്ധം ചെയ്യുന്നതിനാൽ മുടൈലെനവന്മാർ എന്നവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർഭാവംഎന്നിൽ (വിഷ്ണു) നിന്നായിരിക്കും."*

"നരാശംസ" എന്നത്രെ സംസ്കൃതത്തിൽ അദ്ദേഹത്തിന് നല്കിയിരിക്കുന്ന വിശേഷണം. ജനങ്ങളാൽ സ്തുതിക്കപ്പെട്ടവൻ എന്നാണ് ഈ വാക്കിൻെറ അർഥം. "മുഹമ്മദ്" എന്ന വാക്കിൻെറ അർഥവും അതത്രെ.

*"ആ ആചാര്യൻെറ വാഹനം ഒട്ടകമായിരിക്കും"* എന്ന് ഭവിഷ്യൽപുരാണം പ്രസ്താവിക്കുന്നു. ഇന്ത്യയിൽ ആരും ഒട്ടകത്തെ വാഹനമായി ഉപയോഗിച്ചിട്ടില്ല.

*"മാമാഋഷി"* എന്നും അദ്ദേഹത്തെ പരാമർശിച്ചതായി കാണാം. ആ പേരിൽ ഒരു ഋഷിയും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. മുഹമ്മദ് എന്ന പദത്തിൻെറ സംസ്കൃത രൂപമാവാം ഇത്.

*"100 സ്വർണനാണയങ്ങൾ".* (ഭവിഷ്യൽപുരാണം.)

മക്കാപ്രമാണിമാരുടെ മർധനം അസഹ്യമായപ്പോൾ അബ്സീനിയയിലേക്ക് ആദ്യം പലായനം ചെയ്തത് 100 പേരായിരുന്നു. ഇവരെയാണ് 100 സ്വർണനാണയങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

*"300 അറബി കുതിരകൾ"* (ഭവിഷ്യൽപുരാണം.)

ബദ്ർ എന്നിടത്തു വെച്ച് മക്കയിലെ ശത്രുക്കളോട് പ്രഥമമായി ചെയ്ത യുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം പങ്കെടുത്ത അനുചരരന്മാർ 313 പേരായിരുന്നു. ഇവരെയാണ് അറബി കുതിരകൾ എന്നതുകൊണ്ട് അർഥമാക്കുന്നത്.

*"പതിനായിരം പശുക്കൾ"* (ഭവിഷ്യൽപുരാണം.)

മക്ക ജയിച്ചടക്കിയ ഘട്ടത്തിൽ ഇസ്ലാമിൽ പ്രവേശിച്ചവരെയാണ് ഉദ്ദേശിക്കുന്നത്. അവരുടെ എണ്ണം പതിനായിരമായിരുന്നു.

*"കൽക്കി."*(വിഷ്ണുപുരാണം). കലിയുഗത്തിൽ ഒരു മണൽദ്വീപിൽ വിഷ്ണുഭഗത്തിൻെറയും(ദൈവദാസൻ=അബ്ദുല്ല-നബിയുടെ പിതാവ്) സുമതിയുടെയും (വിശ്വസ്ത =ആമിന-നബിയുടെ മാതാവ്) മകനായി ജനിച്ച് ലോകത്തിന് വെളിച്ചമേകുന്നവനാണ് കൽക്കി.

### ബൈബിളിലെ പരാമർശങ്ങൾ:

"നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എൻെറ വചനങ്ങൾ അവൻെറ നാവിൽ നിവേശിപ്പിക്കും." (ആവർത്തനം: 18: 18,19)

"... എങ്കിലും ഞാൻ സത്യം ചെയ്തു പറയുന്നു, ഞാൻ പോകുന്നത് നിങ്ങളുടെ നന്മയ്ക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ, അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയക്കും. അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി ലോകത്തെ ബോധ്യപ്പെടുത്തും." (യോഹന്നാൻ 16: 7,8)

"സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാം."
(യിരെമ്യാവ് 28: 9)

## പാശ്ചാത്യരും പൗരസ്ത്യരുമായ ചിന്തകന്മാരുടെ വിലയിരുത്തൽ

"തീർച്ചയായും ചരിത്രത്തിലെ തന്നെ സമാനതയില്ലാത്ത ഭാഗ്യത്താൽ മുഹമ്മദ് മൂന്നു കാര്യങ്ങളുടെ സ്ഥാപകനാണ്. ഒരു രാഷ്ട്രത്തിൻെറ, ഒരു സാമ്രാജ്യത്തിൻെറ, ഒരു മതത്തിൻെറയും." (സ്മിത്ത്.)

“തത്വജ്ഞാനി, വാഗ്മി, ദൈവദൂതൻ, നിയമനിർമാതാവ്, യോദ്ധാവ്, ആശയങ്ങളുടെ ജേതാവ്, യുക്തിപൂർവകമായ വിശ്വാസങ്ങളുടെയും പ്രതിബിംബങ്ങളില്ലാത്ത ഒരു ആരാധനാസമ്പ്രദായത്തിൻെറയും പുനരുദ്ധാരകൻ...... അതായിരുന്നു മുഹമ്മദ്. മാനവ മഹത്വം അളക്കാനുള്ള സർവമാനദണ്ഡങ്ങളും പരിഗണിച്ചാൽ പോലും നിശ്ചയം നമുക്ക് ചോദിക്കാം, അദ്ദേഹത്തെക്കാൾ മഹാനായ മറ്റാരെങ്കിലുമുണ്ടോ?” (ലാ മാർട്ടിൻ)

“ഈ മനുഷ്യൻ ഉരുവിട്ടത് കഴിഞ്ഞ 1200 വർഷങ്ങളായി പതിനെട്ട് കോടി മനുഷ്യർക്ക് ജീവിതദർശനമായിരുന്നു. ഈ പതിനെട്ടു കോടിയും നമ്മെപ്പോലെ മനുഷ്യരാണല്ലോ. ഇപ്പോൾ തന്നെ മറ്റേതിലും വിശ്വസിക്കുന്നതിനെക്കാൾ മുഹമ്മദിൻെറ വാക്കുകളിൽ വിശ്വസിക്കുന്നു..... അദ്ദേഹം സത്യസന്ധനാകാതെ വയ്യ. മൗനിയും മഹത്തുമായ ഒരാത്മാവ്.” ( തോമസ് കാർലൈൽ)

“മുഹമ്മദ് ഒരു പുതിയ സന്ദേശവുമായി ആഗതനായി. പ്രവാചകന്മാരുടെയും മതാചാര്യന്മാരുടെയും കൂട്ടത്തിൽ ഏറ്റവും വിജയം കണ്ടത് അദ്ദേഹമായിരുന്നു. തങ്ങൾക്ക് പിൻബലം നല്കാൻ അതത് കാലത്തെ ഭരണകൂടങ്ങൾ ഉണ്ടായിട്ടു പോലും ജൂത-ക്രിസ്തീയ പരിഷ്കർത്താക്കൾക്ക് നൂറ്റാണ്ടുകൾ നീണ്ടുനിന്ന പ്രയത്നങ്ങൾ കൊണ്ട് നേടാൻ കഴിയാത്ത കാര്യം തൻെറ ഇരുപത് വർഷത്തെ ജീവിതം കൊണ്ട് അദ്ദേഹം നേടി.” (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക)

“അദ്ദേഹത്തെപ്പോലെ ഒരാൾ ആധുനിക ലോകത്തിൻെറ സ്വേഛാധിപതിയാവുകയാണെങ്കിൽ ലോകത്തിന് ഏറെ ആവശ്യമായ സമാധാനവും സന്തോഷവും ഉണ്ടാകുമാറ് ലോകത്തിലെ സകല പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ അദ്ദേഹം വിജയിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. യൂറോപ്പ് മുഹമ്മദിൻെറ ജാതിയെ ഇഷ്ടപ്പെടുവാൻ ആരംഭിച്ചിട്ടുണ്ട്. വരും നൂറ്റാണ്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ ജാതിയുടെ ഉപയുക്തത അംഗീകരിക്കുന്ന കാര്യത്തിൽ ലോകം ഇനിയും മുന്നോട്ടു പോകും.” (ബർണാഡ് ഷാ)

“മറ്റെല്ലാ മതങ്ങളെയും ഖഡ്ഗം കൊണ്ട് നിഷ്കാസനം ചെയ്യാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന ഹീനമായ ഒരാരോപണം മുസ്ലിംകൾക്കെതിരിലുണ്ട്. ഇത് അജ്ഞതയിൽ നിന്നും മതപക്ഷപാതിത്വത്തിൽ നിന്നും ഉടലെടുത്തതാണ്. ഖുർആനും മുസ്ലിംജേതാക്കളുടെ ചരിത്രവും ക്രിസ്ത്യൻ ദേവാലയങ്ങളോട് അവർ കാണിച്ച കലവറയില്ലാത്ത നിയമത്തിൻെറ സംരക്ഷണത്തോടുകൂടിയതുമായ സഹിഷ്ണുതയും ഈ ആരോപണം ശക്തമായി നിഷേധിക്കുന്നു. ധാർമിക ശക്തിയാണ് മുഹമ്മദിൻെറ ജീവിത വിജയത്തിനടിസ്ഥാനം. ഖഡ്ഗപ്രയോഗമല്ല.” (ഗിബ്ബൺ)

“യഥാർഥ ദിവ്യശക്തി കൊണ്ട് ഭരണം നടത്തിയെന്ന് ഏതെങ്കിലും മനുഷ്യന് അവകാശപ്പെടാമെങ്കിൽ അത് മുഹമ്മദിന് മാത്രമാണ്. കാരണം, അധികാര ശക്തിയുടെ ഉപകരണമോ അവയുടെ പിന്തുണയോ കൂടാതെ തന്നെ മുഴുവൻ ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. അധികാരത്തിൻെറ പരിവേഷങ്ങളെ അദ്ദേഹം കണക്കിലെടുത്തില്ല. സ്വകാര്യജീവിതത്തിലെ ലാളിത്യം പൊതുജീവിതത്തിലും അദ്ദേഹം നിലനിറുത്തി.” (റവറൻറ് ബോസ്വർത് സ്മിത്ത്)

അവലംബ കൃതികൾ:

സീറതുന്നബി. മുഹമ്മദുബ്നു അബ്ദിൽ വഹാബ്
മുഹമ്മദ് നബി എല്ലാം തികഞ്ഞ മനുഷ്യൻ. പ്രസാധനം: ഐ.പി. എച്ച്. കോഴിക്കോട്